(10) പൊതു വിപണിയിലേതിനെക്കാൾ 20% വരെ വിലക്കുറവിൽ തേയില, കാപ്പി, കറി പൗഡറുകൾ, വെളിച്ചെണ്ണ, കായം, വാളൻപുളി എന്നിവ ശബരി എന്ന പേരിൽ വിപണിയിൽ വില്പന നടത്തിവരുന്നു.

(11) ജില്ലാ കളക്ടർമാർ തെരഞ്ഞെടുക്കുന്ന ഹോട്ടലുകൾക്ക് സപ്ലൈകോ അവശ്യ സാധനങ്ങൾ നൽകുകയും അതുവഴി ഹോട്ടലുകളിലൂടെ വിൽക്കുന്ന ഭക്ഷണ സാധനങ്ങളുടെ വില നിയന്ത്രിക്കാനും നടപടി എടുത്തുവരുന്നു.

(12) ഉത്സവകാലങ്ങളിലെ വില വർദ്ധന നിയന്ത്രിക്കാൻ പ്രത്യേക ഉത്സവകാല ചന്തകൾ നടത്തിവരുന്നു. വരുന്ന ഓണക്കാലത്ത് എല്ലാ നിയോജക മണ്ഡലങ്ങളിലും പ്രത്യേക ഓണച്ചന്തകൾ/ഫെറയുകൾ ഉണ്ടായിരിക്കും.

(13) ലേബർ ബ്യൂറോ ഓഫ് ഇൻഡ്യ പ്രസിദ്ധീകരിക്കുന്ന ഉപഭോക്തൃ വില സൂചിക പ്രകാരം വിലനിലവാരം ഏറ്റവും കുറവുള്ള രാജ്യത്തെ സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം.

(14) പച്ചക്കറികളുടെ വിലയിൽ ഉണ്ടായേക്കാവുന്ന വില വർദ്ധനവ് തടയുന്നതിലേക്കായി സപ്ലൈകോയുടെ തെരഞ്ഞെടുക്കപ്പെട്ട സൂപ്പർ മാർക്കറ്റുകളിലും ഹൈപ്പർ മാർക്കറ്റുകളിലും പീപ്പിൾസ് ബസാറുകളിലും എല്ലായിനം പച്ചക്കറികളിലും പൊതു വിപണി വിലയെക്കാൾ വിലക്കുറവിൽ വിൽപ്പന നടത്തി വരുന്നുണ്ട്.

(ഡി&ഇ) മാവേലി സ്റ്റോറുകൾ ഉൾപ്പെടെയുള്ള സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിൽപ്പന ശാലകൾ വഴി നിത്യോപയോഗ സാധനങ്ങൾ എല്ലാ മാസവും പ്രസിദ്ധീകരിക്കുന്ന വിലകൾക്കാണ് വിൽപ്പന നടത്തുന്നത്. സപ്ലൈകോ സൂപ്പർ മാർക്കറ്റുകളിൽ പായ്ക്കറ്റിൽ വിതരണം ചെയ്യുന്ന സാധനങ്ങൾക്ക് പായ്ക്കിംഗ് ചാർജ്ജ് കൂടി ഈടാക്കുന്നതാണ്.

സംസ്ഥാനത്തെ മുഴുവൻ കുടുംബങ്ങൾക്കും റേഷൻകാർഡ് ലഭ്യമാക്കാൻ നടപടി

84 (150) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റേഷൻകാർഡ് പുതുക്കി നൽകിയതിനുശേഷം പുതിയതായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ എത്ര എണ്ണത്തിന് തീർപ്പ് കൽപ്പിച്ച് റേഷൻ കാർഡ് നൽകിയിട്ടുണ്ട് ;

(സി) ഇനി എത്ര അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കാനുണ്ട് ;

(ഡി) സമയബന്ധിതമായി തീർപ്പ് കൽപ്പിച്ച് റേഷൻ കാർഡ് നൽകുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സംസ്ഥാനത്തെ മുഴുവൻ കുടുംബങ്ങൾക്കും റേഷൻ കാർഡ് ലഭ്യമാക്കുന്നതിന് സമഗ്ര പദ്ധതി തയ്യാറാക്കുമോ ;

(എഫ്) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 986082 അപേക്ഷകൾ.

(ബി) ഇതിൽ 786507 അപേക്ഷകളിൽ തീർപ്പു കൽപ്പിച്ച് റേഷൻ കാർഡ് നൽകിയിട്ടുണ്ട്.

(സി) 199575 അപേക്ഷകൾ തീർപ്പാക്കാനുണ്ട്.

(ഡി) സ്വീകരിച്ചിട്ടുണ്ട്. സമയബന്ധിതമായി തീർപ്പു കൽപ്പിച്ച് റേഷൻ കാർഡു നൽകുന്നതിന് എല്ലാ താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ആഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ&എഫ്) സംസ്ഥാനത്ത് റേഷൻ കാർഡിന് അർഹമായ മുഴുവൻ കുടുംബങ്ങൾക്കും റേഷൻ കാർഡ് നൽകുന്നതിനുള്ള പദ്ധതി ഇപ്പോൾ തന്നെ നിലവിലുണ്ട്. കേരളത്തിൽ 30-11-2010-വരെ 7053615 കുടുംബങ്ങൾക്ക് റേഷൻകാർഡ് നൽകിയിട്ടുണ്ട്. റേഷൻ കാർഡിന് അർഹതയുള്ള കുടുംബങ്ങൾ ബന്ധപ്പെട്ട രേഖകൾ സഹിതം അപേക്ഷ സമർപ്പിച്ചാൽ അന്വേഷണവിധേയമായി അർഹരായവർക്ക് റേഷൻകാർഡ് അനുവദിക്കുന്നതാണ്. ഓൺലൈൻ മുഖാന്തിരവും നേരിട്ടും അപേക്ഷകൾ സമർപ്പിക്കാനുള്ള സംവിധാനം ഇപ്പോൾ നിലവിലുണ്ട്.

രണ്ടു രൂപ നിരക്കിൽ ഭക്ഷ്യ ധാന്യം ലഭിക്കാൻ നടപടി

85 (151) ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിലോഗ്രാമിന് രണ്ടു രൂപ നിരക്കിൽ ഭക്ഷ്യ ധാന്യം ലഭിക്കുന്നതിനുള്ള നിബന്ധനകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(ബി) ഏതെല്ലാം തൊഴിൽ മേഖലയിൽ ജോലി ചെയ്യുന്നവർക്ക് ഇതിന്റെ ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട് ;

(സി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിച്ച് മൺപാത്ര നിർമ്മാണ തൊഴിലാളികൾ നിവേദനം സമർപ്പിച്ചിട്ടുണ്ടോ ;

(ഡി) നിവേദനത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ഇ) ഇവർക്ക് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ ;

(എഫ്) തൊഴിൽ മേഖലയിൽ ക്ഷേമനിധി ബോർഡ് നിലവിലില്ലാത്ത പരമ്പരാഗത തൊഴിലാളികൾക്കും കൂടി ആനുകൂല്യം ലഭിക്കത്തക്ക രീതിയിൽ പദ്ധതി നടത്തിപ്പിൽ മാറ്റം വരുത്താൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly